# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.939** **30.11.2018 ലെ മറുപടി**

### നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോജി.എം.ജോൺ:** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) അങ്കമാലി നിയോജക മണ്ഡലത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികൾ ഏതെല്ലാം; പദ്ധതികൾ മുടങ്ങാനുള്ള കാരണം വ്യക്തമാക്കാമോ; | (എ) അങ്കമാലി നിയോജക മണ്ഡലത്തിൽ താഴെ പറയുന്ന ജലസേചന പദ്ധതികൾ മുടങ്ങിക്കിടക്കുന്നു.<br>1. ചെ.811 മീ മുതൽ 851 മീറ്റർ വരെയുള്ള ലിങ്ക് കനാലിലെ പാലത്തിന്റെ നിർമ്മാണവും അനുബന്ധ റോഡിന്റെ രൂപീകരണവും. - കോടതി വിധി പ്രകാരം ടെർമിനേറ്റ് ചെയ്തതാണ് പ്രസ്തുത പ്രവൃത്തി മുടങ്ങുവാനുള്ള കാരണം<br>2. ലിങ്ക് കനാൽ ചെ.2000 മീ മുതൽ 4025 മീ വരെയുള്ള സി.ഡി വർക്കുകൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾ. - പ്ലാനിംഗ് ബോർഡിന്റെ അനുമതി ലഭ്യമാകാത്തതാണ് പ്രസ്തുത പദ്ധതി മുടങ്ങുവാനുള്ള കാരണം. |
| (ബി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണ ചെലവ് കണക്കാക്കിയിരിക്കുന്നത് എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി)<br>1. ഐ.ഐ.പി.ലിങ്ക് കനാൽ ചെ.811 മീ മുതൽ 851 മീ. വരെ - 42 ലക്ഷം രൂപ.<br>2. ഐ.ഐ.പി. ലിങ്ക് കനാൽ ചെ.2000 മീ മുതൽ 4025 മീ വരെയുള്ള സി.ഡി വർക്കുകൾ സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെ ഇനി വേണ്ടി വരുന്ന തുക – 44 കോടി രൂപ.<br>**ആകെ തുക – 44.42 കോടി രൂപ** |

| | |
|---|---|
| (സി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) ലിങ്ക് കനാലിന്റെ പ്രവർത്തികൾ പൂർത്തീകരിക്കുന്നതി വേണ്ടി വിശദമായ റിപ്പോർട്ട് പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. പ്ലാനിംഗ് ബോർഡിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിച്ച് ചാലക്കുടി ഇടതുകര കനാലുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**